# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4839 27.06.2014-ലെ മറുപടിയ്ക്ക്

## സേവാഗ്രാമം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി | | ഡോ: എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി) | |
| (എ) | ഗ്രാമപഞ്ചായത്തുകളിൽ 'സേവാഗ്രാമം' സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 'സേവാഗ്രാം' എന്ന പേരിൽ ഗ്രാമകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് 28.03.2014-ന് 35208/ഡിഎ3/തസ്വഭവ നമ്പർ ആയി തദ്ദേശ സ്വയംഭരണ വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിന്റെ സവിശേഷതകളും ഘടനയും വിശദമാക്കുമോ; | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ വാർഡുകളിലും ഗ്രാമസഭ/ വാർഡുസഭയുടെ ആസ്ഥാനമെന്ന നിലയിൽ ഒരു കേന്ദ്രം പ്രവർത്തിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.<br>പ്രാദേശിക ഭരണസ്ഥാപനത്തിന്റെ ഭരണ വികസന സേവനങ്ങളുടേയും വിവരങ്ങളുടേയും ഒരു എക്സ്റ്റൻഷൻ കേന്ദ്രമായിരിക്കും ഇത്. തദ്ദേശഭരണ സ്ഥാപനങ്ങളുടേയും അവയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സർക്കാർ ഡിപ്പാർട്ടുമെന്റുകളുടേയും സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു. ഗ്രാമകേന്ദ്രങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ വൈകുന്നേരം 3 മുതൽ 7 മണി വരെ തുറന്നു പ്രവർത്തിക്കുന്നതാണ്. തദ്ദേശ ഭരണസ്ഥാപനത്തിലേയോ അവയുടെ നിയന്ത്രണത്തിലുള്ളതോ ആയ ഒരു ഉദ്യോഗസ്ഥനായിരിക്കും ഇതിന്റെ ചുമതല. വാർഡ് തലത്തിലുള്ള സന്നദ്ധപ്രവർത്തകരുടെ സഹായത്തോടെയാണ് കേന്ദ്രങ്ങൾ പ്രവർത്തിക്കുക. വാർഡ് മെമ്പറുടെ/ കൗൺസിലറുടെ നേതൃത്വത്തിലായിരിക്കും ഈ കേന്ദ്രം പ്രവർത്തിക്കുക. |
| (സി) | സേവാകേന്ദ്രയിൽ നിന്നു ഉരുത്തിരിയുന്ന പദ്ധതികൾക്കു പ്രത്യേകം ഫണ്ട് അനുവദിക്കുമോ? | (സി) | ഇല്ല. ഗ്രാമസഭയുടെ നിർദ്ദേശങ്ങൾക്ക് വിധേയമായാണ് തദ്ദേശ ഭരണസ്ഥാപനങ്ങൾ വാർഷിക പദ്ധതി തയ്യാറാക്കുന്നത്. അവയ്ക്കു വേണ്ടിയാണ് സംസ്ഥാന സർക്കാർ വികസന ഫണ്ട് നൽകുന്നത്. |

സെക്ഷൻ ഓഫീസർ